CHRISTIAN MUSICOLOGICAL SOCIETY OF INDIA




പള്ളികളിൽ അനുഷ്ഠിക്കേണ്ടതായ

# നമസ്കാരക്രമം.

(രണ്ടാം അച്ചടിപ്പ്.)

MANNANAM:

PRINTED AT THE ST. JOSEPH'S PRESS.

1928.

christianmusicologicalsocietyofindia.com

ദൈവകൃപയാലെയും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലെയും

## ചങ്ങനാശേരി മിസ്സത്തിന്റെ വികാരി

## അപ്പൊസ്തോലിക്കാ ആയ നാം

## കുര്യാളച്ചേരിൽ തോമ്മാ

## വെല്ലാ എന്ന ദിക്കിന്റെ

## മെത്രാൻ.

---

നമ്മുടെ ആജ്ഞയിൻകീഴിലുള്ള ബ. വികാരിമാർക്കും അസിസ്തേന്തിമാർക്കും ഇടവക പട്ടക്കാർക്കും വിശ്വാസികൾ എല്ലാവർക്കും നമ്മുടെ കർത്താവീശോ മ്ശിഹായിൽ സമാധാനവും വാഴ്വും.

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ!

ദൈവാരാധന, ക്രമത്തോടെ കഴിക്കുന്നത് എത്രയും സാരമേറിയ കാര്യമായിരിക്കുന്നു. ഇത് നമ്മുടെ ഹൃദയങ്ങളിൽ ദൈവഭക്തിയുണ്ടായി വളരുന്നതിനും, തൻമൂലം ദൈവസ്തുതി വർദ്ധിക്കുന്നതിനും ഉപകരിക്കുന്ന ഒരു പ്രധാന മാർഗ്ഗമായിരിക്കുന്നു. ഇതിനാൽ ദേവാലയത്തേയും, ബലിപീഠങ്ങളേയും, കർമ്മാനുഷ്ഠാനങ്ങളേയും സംബന്ധിച്ച് ദൈവംതന്നെ പഴയനിയമത്തിൽ മൂശദീർഘദർശി മൂലം ഏർപ്പെടുത്തിയ അനേക നിബന്ധനകളെ നാം കാണുന്നു. ജനങ്ങളെ ആശീർവ്വദിക്കയിൽ പട്ടക്കാരൻ ഏതു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
christianmusicologicalsocietyofindia.com

മക്കളേ! നാമെല്ലാവരും ഒരുകാലത്തു് നിത്യാനന്ദ വീട്ടിൽ ഒരുമിച്ചു ദൈവസ്തുതികളെ പാടുവാൻ സംഗതിയാകത്തക്കവണ്ണം ഇപ്പോൾ ഭൂമിയിൽ ഈ "നമസ്കാരക്രമം" നിങ്ങളെല്ലാംവരും ഭക്തിപുരസ്സരം ഉപയോഗിക്കണമെന്നു് നാം ആഗ്രഹിക്കയും ആജ്ഞാപിക്കയും ചെയ്യുന്നു. ബാവായുടേയും പുത്രന്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ, ആമ്മേൻ.

മാന്നാനം ആശ്രമത്തിൽനിന്നു്,
൧൮൬൭ മെയ് ൧൨,
വി. യൌ. മദ്ധ്യസ്ഥ തിരുനാൾ.

[illegible]
✠ [illegible]

**Reimprimatur.**

Mr. JACOB KALLARAKEL,
*Ad. Apostolic,*
Changanacherry.

21-11-1927.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അനുക്രമണിക.


| | | പക്ഷം. |
|---|---|---|
| | എ. പെ. പെ. ബ. മാർ തോമ്മാമെത്രാനച്ചന്റെ കല്പന. | |
| | മുഖവുര. | |
| 1 | അൻപത്തുമൂന്നുമണിജപം. | 1 |
| 2 | പരിശുദ്ധ ദേവമാതാവിന്റെ പ്രാൎത്ഥന. | 6 |
| 4 | തിരുഹൃദയ ജപമാല. | 10 |
| 5 | * അനുഗ്രഹക്കൊന്ത. | 11 |
| 6 | * ദൈവസ്നേഹക്കൊന്ത. | 12 |
| 7 | മാർ യൌസേപ്പു പുണ്യപിതാവിനെക്കുറിച്ചു പരിശുദ്ധ ത്രിത്വത്തോടു ജപം. | 13 |
| 8 | അവസാന അപേക്ഷ. | 14 |
| 9 | കുർബാനയുടെ സാധാരണ ആശീൎവാദക്രമം. | 16 |
| 10 | ഒരുമണി ആരാധനക്രമം. | 19 |
| 11 | 13 മണി ആരാധനക്രമം. | 19 |
| 12 | * നാല്പതുമണി ആരാധനയുടെ ക്രമം. | 23 |
| 13 | പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കുന്ന ദിവസം ചൊല്ലുവാൻതക്ക ജപം. | 28 |
| I4 | ത്രിദിനാപേക്ഷക്രമം. | 29 |
| 15 | ആണ്ടാരംഭത്തിൽ ചൊല്ലേണ്ടും ജപം. | 30 |
| 16 | ദനഹാ തിരുനാൾ. | 34 |
| 17 | മാർ യൌ. പു. മദ്ധ്യസ്ഥ'തി. ആസ്ഥപ്പാടായുള്ള ത്രിദിന ജപങ്ങൾ. | 35 |
| 18 | സ്വൎഗ്ഗാരോഹണ തിരുനാളിനു ആസ്ഥപ്പാടായുള്ള ത്രിദിനജപം. | 38 |
| 19 | സകല പുണ്യവാന്മാരുടെ പ്രാൎത്ഥന. | 38 |
| 20 | എഴുപതാം സങ്കീൎത്തനം. | 43 |
| 21 | പന്തക്കുസ്താ തിരുനാളിന്നാസ്ഥപ്പാടായുള്ള ത്രിദിന അപേക്ഷകൾ. | 47 |


christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA




| | | പക്ഷം. |
|---|---|---|
| 22 | ഈശോമ്ശിഹായുടെ തിരുഹൃദയതിരുനാളിന ആസ്ഥപ്പാടായുള്ള നെവേന. | 49 |
| 23 | തിരുഹൃദയ തിരുനാളിന പ്രതിഷ്ഠാജപം. | 51 |
| 24 | പത്രോസു പൗലോസു ശ്ലീഹന്മാടെ തിരുനാൾ. | 53 |
| 25 | വി. തോമ്മാ ശ്ലീഹായുടെ തിരുനാളിന്ന് ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ. | 54 |
| 26 | എ. ഭാ. ക. കർമ്മലമാതാവിൻെറ തിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ. | 57 |
| 27 | ദേവമാതാവു മോക്ഷത്തിൽ കരേററപ്പെട്ട തിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ | 59 |
| 28 | എ. ഭാ. ക. മറിയത്തിൻെറ പിറവിതിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ. | 61 |
| 29 | ശ്രു. മിഖിയേൽ മാലാഖായുടെ തിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപങ്ങൾ. | 64 |
| 30 | ജപമാലത്തിരുനാളിന്നാസ്ഥപ്പാടായുള്ള ത്രിദിന ജപങ്ങൾ. | 64 |
| 31 | * കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളിന്നായത്തമായുള്ള നവനാൾ ജപം. | 66 |
| 32 | * വി. ത്രേസ്യാ പു. തിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപം. | 69 |
| 33 | സകല പരിശുദ്ധന്മാരുടെ തിരുനാളിനുള്ള ജപം. | 71 |
| 34 | * വി. യോഹന്നാൻ ക്രൂസിൻെറ തിരുനാളിന ആസ്ഥപ്പാടായുള്ള ത്രിദിനജപം. | 71 |
| 35 | വി. ശവരിയാരിൻെറ തിരുനാളിനുള്ള ജപങ്ങൾ. | 74 |
| 36 | അമലോത്ഭവ മാതാവിൻെറ തിരുനാളിന്നായത്തമായിട്ടുള്ള ത്രിദിന ജപങ്ങൾ. | 76 |
| 37 | ന. ക. ഈശോമ്ശിഹായുടെ പിറവിത്തിരുനാളിന് ആസ്ഥപ്പാടായിട്ടുള്ള ത്രിദിന ജപങ്ങൾ. | 78 |
| 38 | ആണ്ടവസാനം. | 79 |
| 39 | സ്ലീവാപ്പാഥ ജപം. | 85 |
| 40 | പരിശുദ്ധ ദേവമാതാവിൻ വ്യാകുലജപം. | 96 |
| 41 | പരിശുദ്ധ വ്യാകുലമാതാവിൻെറ പ്രാത്ഥന. | 99 |


christianmusicologicalsocietyofindia.com

| | | |
|---|---|---|
| | | പക്ഷം. |
| 42 | ത്രിദിന ജപങ്ങളുടെ ആരംഭത്തിൽ ചൊല്ലേണ്ടതു്. | 106 |
| 43 | ത്രിദിന ജപങ്ങളുടെ അവസാനത്തിലും ലദീഞ്ഞിന്റെ ഇടയ്ക്കും ചൊല്ലേണ്ടതു്. | 106 |
| 44 | ലദീഞ്ഞിന്റെ ഇടയ്ക്ക ചൊല്ലേണ്ടതു്. | 108 |
| 45 | പെരുന്നാളിന്റെ ആരംഭത്തിൽ കൊടി കയറുമ്പോൾ ചൊല്ലേണ്ടതു്. | 109 |
| 46 | പ്രദക്ഷണത്തിന്റെ അവസാനത്തിൽ ചൊല്ലേണ്ടതു്. | I09 |
| 47 | കർത്താവിന്റെ രൂപം എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ ചൊല്ലേണ്ടതു്. | 110 |
| 48 | പ. ക. മറിയത്തിന്റെ തിരുനാളുകളിൽ രൂപം എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ ചൊല്ലേണ്ടതു്. | I10 |
| 49 | വന്ദകന്മാരുടെ തിരുനാളുകളിൽ രൂപം എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ ചൊല്ലേണ്ടതു്. | 111 |
| 50 | സഹദേന്മാരുടെ തിരുനാളുകളിൽ രൂപം എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ ചൊല്ലേണ്ടതു്. | 111 |
| 51 | മാർപ്പാപ്പായുടെ ആശീർവ്വാദം. | 121 |
| 52 | * ഇടത്തുട്ടകാരും ശീശ്മക്കാരും കത്തോലിക്കസഭയിൽ ചേരുമ്പോൾ ചെയ്യേണ്ട വിശ്വാസ പറഞ്ഞൊപ്പിന്റെ ചുരുക്കമായ രീതി. | 122 |
| 53 | * പതിതരെ തിരുസഭയിലേക്ക സ്വീകരിക്കുന്ന ക്രമം. | 126 |

* ഈ അടയാളം കാണിച്ചിരിക്കുന്ന സംഗതികൾ വിശേഷാൽ ചേർത്തിട്ടുള്ളവയാണ്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



വിൽ വി. കുൎബ്ബാന ആശീൎവ്വാദം കൊടുത്തുകൊണ്ടു സ
മാപിപ്പിക്കേണ്ടതുമാകുന്നു.

4.) ശമ്പഹലശ്ലാൻ അഥവാ മററു യോജിക്കു
ന്ന കീൎത്തനം പാടുകയിൽ വി. കുൎബ്ബാന എഴുന്നള്ളിച്ചു
വച്ച് ധൂപിച്ചശേഷം അപേക്ഷയും, ഇതിന്റെശേഷം
അപേക്ഷക്കു യോജിക്കുന്ന സ്ലോസായും ചൊല്ലുണം. അ
നന്തരം ‘കൊല്ലുൻദശനെ’ പാടി ദിവ്യകാരുണ്യാനുഗ്രഹം
കൊടുക്കണം.

5.) മേൽപ്പറഞ്ഞ പ്രകാരം ആഘോഷപൂൎവ്വം
ത്രിദിനജപങ്ങൾ നടത്താൻ കഴിവില്ലാത്ത പള്ളികളിൽ
പട്ടക്കാരൻ പീഠത്തിൻമുമ്പാകെ മുട്ടുകുത്തി പ്രസ്തുത ജപം
ചൊല്ലുണം. പിന്നീടു മാതാവിന്റെ ‘ലുത്തനിയാ’ എ
ന്ന തിരുനാമകീൎത്തനം സൌകൎയ്യംപോലെ പാടുകയോ
ചൊല്ലുകയോ ചെയ്യുണം. അവസാനത്തിൽ യോജിക്കു
ന്ന ‘സ്ലോസാ’കൾ ചൊല്ലി പൎയ്യവസാനിപ്പിക്കണം.

* * *

നോമ്പിന്റെ എല്ലാ വെള്ളിയാഴ്ചകളിലും പ്ര
ത്യേകം ദുഃഖവെള്ളിയാഴ്ച നമ്മുടെ കൎത്താവിന്റെ ക
ഷ്ടാനുഭവങ്ങളെ ഓൎമ്മപ്പെടുത്തുന്നതിനായി ഉച്ചതിരിഞ്ഞു
മൂന്നു മണിക്കു മണിയടിച്ചശേഷം ‘വിയാസാക്ര’ എത്തി
ക്കേണ്ടതും, വിയാസാക്രായുടെ ശേഷം തൂങ്ങപ്പെട്ട സ്വ
രൂപംകൊണ്ടു് പ്രദക്ഷിണം കഴിക്കേണ്ടതുമാകുന്നു. ദുഃഖ
ശനിയാഴ്ച കാലത്തു മരമണിയടിച്ചു് ദൈവജനനിയുടെ
വ്യാകുല പ്രാൎത്ഥന എത്തിക്കേണ്ടതും അതിന്റെ ശേഷം
ദൈവജനനിയുടെ വ്യാകുലത്തെക്കുറിച്ചു ഒരു ഉപദേശം
ചെയ്യേണ്ടതുമാകുന്നു. തിരുക്കുരിശിന്റെ അംശം ലഭി
ച്ചിട്ടുള്ള പള്ളികളിൽ ദുഃഖവെള്ളിയാഴ്ചയും വിശുദ്ധ കു
രിശിന്റെ പുകഴ്ചയുടെ ദിവസമായ സെപ്റ്റംബർ
14-ാംനു-യും വിശുദ്ധ കുരിശിന്റെ പ്രദക്ഷിണം കഴി
ക്കേണ്ടതാണ്.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## അൻപത്തുമൂന്നുമണി ജപം.

അളവില്ലാത്ത സകലനന്മ സ്വരൂപിയായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ! നീചമാനുഷരും നന്ദിയറിയാത്ത പാപികളുമായിരിക്കുന്ന അടിയങ്ങൾ, അറുതിയില്ലാത്ത മഹിമപ്രതാപത്തോടുകൂടിയിരിക്കുന്ന നിന്റെ സന്നിധിയിൽനിന്ന് ജപംചെയ്‌വാൻ പാത്രമല്ലാത്തവരായിരിക്കുന്നു, എങ്കിലും നിന്റെ അറുതിയില്ലാത്ത ദയയിന്മേൽ ശരണപ്പെട്ടുകൊണ്ട്, പരിശുദ്ധ ദേവമാതാവിനു സ്തുതിയായിട്ട്, അമ്പത്തുമൂന്നുമണിജപം ചെയ്‌വാൻ ആശയായിരിക്കുന്നു; ഈ ജപം ഭക്തിയോടുകൂടെ ചെയ്ത്, പലവിചാരം കൂടാതെ തികപ്പാൻ കർത്താവേ! നീ സഹായംചെയ്യുക.

### വിശ്വാസപ്രമാണം.

ആകാശവും ഭൂമിയും സൃഷ്ടിച്ച്, സർവ്വതും കയ്യാണ്ട, ബാവാതമ്പുരാന്മേലും വിശ്വസിക്കുന്നേൻ, തന്റെ ഏകപുത്രൻ, നമ്മുടെ കർത്താവ് ഈശോ മ്ശിഹാമ്മേലും വിശ്വസിക്കുന്നേൻ, ഈ പുത്രൻ ശുദ്ധ റൂഹാദക്കുദശായാലെ ജനിക്കപ്പെട്ട് കന്യാസ്ത്രീമറിയത്തിൽനിന്നുപിറന്ന് പന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ദുഃഖപ്പെട്ട് കുരിശിന്മേൽ പതിക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാൾ ഉയിർത്ത് ആകാശങ്ങളിൽ കരേറി, സർവ്വതും കയ്യാണ്ട ബാവാതമ്പുരാന്റെ വലത്തുഭാഗത്തു ഇരിക്കുന്നു, അവിടെ നിന്ന് ഉയിരവരേയും മരിച്ചവരെയും വിധിപ്പാൻ വരുമെന്നും വിശ്വസിക്കുന്നേൻ, ശുദ്ധ റൂഹാദക്കുദശാമേലും വിശ്വസിക്കുന്നേൻ, ശുദ്ധ കത്തോലിക്കാപ്പള്ളിയും പുണ്യവാളന്മാരുടെ ഒരുമ്പാടും, പിഴകളുടെ പൊറുതിയും, മരിച്ചവരുടെ ഉയിർപ്പും എന്നന്നേക്കുമുള്ള ആയുസ്സും ഉണ്ടെന്നും വിശ്വസിക്കുന്നേൻ. ആമ്മേനീശോ.

ആകാശങ്ങളിലിരിക്കുന്ന... ശേഷവും.

ബാവാതമ്പുരാനു മകളായിരിക്കുന്ന പരിശുദ്ധ ദേവമാതാവേ! ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടാ

christianmusicologicalsocietyofindia.com

നുതാപികൾ ദൈവ ഉപവിയിൽ മരിക്കുന്നുവെങ്കിൽ അവരുടെ ആത്മാക്കൾ മരണശേഷം ശുദ്ധീകരസ്ഥലത്തിലെ ശിക്ഷകളേക്കൊണ്ടു ശുദ്ധീകരിക്കപ്പെടുന്നുവെന്നും ഇപ്രകാരമുള്ള ശിക്ഷകളിൽനിന്നു അവർ രക്ഷിക്കപ്പെടുന്നതിന് ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ സഹായങ്ങൾ, അതാവിതു, ശുദ്ധ. പള്ളിയുടെ നിയമാനുസരണം വിശ്വാസികൾ മററു വിശ്വാകൾക്കുവേണ്ടി പതിവായി ചെയ്തുവരുന്ന കുർബ്ബാനയെന്ന ദിവ്യബലികളും പ്രാർത്ഥനകളും ധർമ്മങ്ങളും മററു ഭക്തപ്രവൃത്തികളും അവർക്കുപകരിക്കുന്നുവെന്നും; മാമോദീസാ കൈക്കൊണ്ടശേഷം യാതൊരുപാപക്കറയിലും ഉൾപ്പെട്ടിട്ടില്ലാത്തവരുടെ ആത്മാക്കളും, പാപക്കറയിൽ ഉൾപ്പെട്ടശേഷം ശരീരത്തോടുകൂടെ ഇരിക്കുമ്പോഴോ അതിൽനിന്നു വേർപിരിഞ്ഞശേഷമോ ശുദ്ധീകരിക്കപ്പെട്ട ആത്മാക്കളും ഉടൻ മോക്ഷത്തിൽ കൈക്കൊള്ളപ്പെടുന്നുവെന്നും; യോഗ്യതകളുടെ വ്യത്യാസപ്രകാരം ഒരുവൻ മറെറാരുവനേക്കാൾ അധികം പൂർണ്ണമായി ത്രീയേകദൈവത്തെ, ഉള്ളതുപോലെ, തെളിവായി ദർശിക്കുന്നുവെന്നും എന്നാൽ കർമ്മപാപദോഷത്തോടെയോ ഉത്ഭവദോഷത്തോടെ മാത്രമോ മരിക്കുന്നവരുടെ ആത്മാക്കൾ ഉടനേ പാതാളത്തിൽ ഇറങ്ങുന്നുവെന്നും വ്യത്യാസമുള്ള ശിക്ഷകളാൽ ശിക്ഷിക്കപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശുദ്ധ ശ്ലീഹായ്ക്കടുത്ത സിംഹാസനവും റോമാ മേൽപട്ടക്കാരനും സമസ്തലോകത്തിലും തലസ്ഥാനം വഹിക്കുന്നുവെന്നും ആ മേൽപ്പട്ടക്കാരൻ ശ്ലീഹന്മാരുടെ പ്രഭുവായ ഭാഗ്യപ്പെട്ട പത്രോസിന്റെ അനന്തരവനും മ്ശിഹായുടെ സാക്ഷാൽ വികാരിയും തിരുസഭ മുഴുവന്റെയും തലവനും എല്ലാ ക്രിസ്ത്യാനികളുടെയും പിതാവും ഗുരുനാഥനുമാകുന്നുവെന്നും അദ്ദേഹത്തിന്നു ഭാഗ്യപ്പെട്ട പത്രോസിൻ തിരുസഭയെ ആസകലം മേയ്ക്കുന്നതിനും ഭരിക്കുന്നതിനും നടത്തുന്നതിനും നമ്മുടെ കർത്താവീശോ മ്ശിഹായാൽ പൂർണ്ണ അധികാരം കൊടുക്കപ്പെട്ടിരിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു.

അപ്രകാരം തന്നെ ശുദ്ധ കാനോനാകളാലും പൊതു സൂനഹദോസുകളാലും പ്രത്യേകിച്ച ഫ്ളോരെന്തീനോസൂന

christianmusicologicalsocietyofindia.com

ഹദോസാലും ത്രേന്തോസ് സൂനഹദോസാലും വത്തിക്കാൻ സൂനഹദോസാലും പഠിപ്പിക്കപ്പെട്ടതും, തീരുമാനിക്കപ്പെട്ടതും പ്രസിദ്ധമാക്കപ്പെട്ടതുമായ മറെറല്ലാവറേറയും, മുഖ്യമായി റോമാമാപ്പായുടെ ശ്രേഷ്ഠാധിപത്യത്തേയും പഠിപ്പിക്കുന്നതിലുള്ള തെററാവരത്തേയും സംബന്ധിച്ചവയേയും സംശയം കൂടാതെ ഞാൻ അംഗീകരിച്ചു സമ്മതിച്ചു പറയുന്നു. ഇതോടുകൂടി തന്നെ, വിപരീതമായ സകലത്തേയും തിരുസഭയാൽ ശപിക്കപ്പെട്ട ശീശ്മകളേയും ഇടത്തുടുകളേയും ഞാനും ഉപേക്ഷിക്കയും ശപിക്കയും ചെയ്യുന്നു. ഇതു സത്യവിശ്വാസമാകുന്നു. ഇതിനു പുറമേ യാതൊരുത്തനും രക്ഷപെടുവാൻ പാടില്ല. ഇതിനെ ഞാൻ നന്മനസ്സാലെ ഏററു പറകയും സത്യമായി അംഗീകരിക്കയും ചെയ്യുന്നു. ഈ വിശ്വാസത്തെത്തന്നെ മുഴുവനായി എൻെറ ആയുസ്സിൻെറ ഒടുവിലത്തെ ശ്വാസംവരെ ദൈവസഹായത്താൽ കാത്തു സൂക്ഷിക്കുന്നതിനും ഏററു പറയുന്നതിനും ഞാൻ മനസ്സായിരിക്കുന്നു.


ഇപ്രകാരം ഞാൻ (ഇന്നാരു്) ശുദ്ധ സുവിശേഷങ്ങളുടെമേൽ വലത്തെ കൈവെച്ചു്) പറഞ്ഞൊക്കുകയും സത്യം ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം ദൈവവും ദൈവത്തിൻെറ ഈ സുവിശേഷങ്ങളും എന്നെ സഹായിക്കട്ടെ.

## പതിതരെ തിരുസഭയിലേക്കു സ്വീകരിക്കുന്ന ക്രമം.

മെത്രാൻെറ അനുവാദകല്പന ലഭിച്ചിട്ടുള്ള പട്ടക്കാരൻ കസേരയിൽ ഇരിക്കയിൽ തിരുസഭയിൽ ചേരുന്നതിനു് ആഗ്രഹിക്കുന്നയാൾ അദ്ദേഹത്തിൻെറ മുമ്പിൽ മുട്ടുകുത്തി മേലേ ചേർത്തിരിക്കുന്ന വിശ്വാസസത്യം ചെയ്യണം. അതുകഴിഞ്ഞു് [illegible] അഥവാ [illegible] ചൊല്ലി [illegible] കൊണ്ടു് അവസാനിപ്പിച്ച ശേഷം പട്ടക്കാരൻ എഴുന്നീററു നിന്നു താഴെക്കാണുന്നതു ചൊല്ലുന്നു.

ഇതിന്റെ ശേഷം ഏതെങ്കിലും ജപം ചൊല്ലുന്നതിനോ, ദേവാലയം സന്ദർശിക്കുന്നതിനോ പട്ടക്കാരൻ കല്പിക്കണം. മഹറോൻ പോക്കിയശേഷം സംശയത്തിലുള്ള മാമ്മോദീസാ ആവശ്യമുള്ളപക്ഷം കൊടുക്കണം. അതു കഴിഞ്ഞു പാപസങ്കീർത്തനം മുഴുവനായി കേട്ടിട്ട് സംശയത്തിൻ കീഴ് പാപം പോക്കുകയും വേണം.

(സമാപ്തം.)




Printed and Published for the Proprietor by P. K. Joseph at the St. Joseph's Press. Mannanam. 1928

christianmusicologicalsocietyofindia.com